LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യവാസ മേഖലകളിലെ വന്യമൃഗശല്യം

295 (299) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൃഷിഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഒരു സ്ഥിരം ടാസ്ക് ഫോഴ്സ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ എവിടെയെല്ലാമാണ് ഇവയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കൃഷിഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തിരികെ ഉൾക്കാട്ടിലേയ്ക്ക് തുരത്തിയോടിക്കുന്നതിനായി 8 റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാനത്തിന്റെ വിവിധ വനമേഖലകളിലായി വിന്യസിച്ചിട്ടുണ്ട്.

(ബി) റാപ്പിഡ് റെസ്പോൺസ് ടീമുകൾ ഇതിനായുള്ള നിലവിലെ ഒരു സ്ഥിരം ടാസ്ക്ഫോഴ്സ് സംവിധാനമാണ്.

(സി) വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങൾ ആസ്ഥാനമാക്കി സംസ്ഥാനത്ത് നിലവിൽ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

വന്യജീവികളുടെ ആക്രമണം

296 (300) ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വന്യജീവികളുടെ ആക്രമണത്തിൽ കേരളത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(ബി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച പരാതികളിൽ എതൊക്കെ രേഞ്ചുകളാണ് ഉൾപ്പെട്ടിട്ടുള്ളത് ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?